**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2629** **17.10.2016 ൽ മറുപടിയ്ക്ക്**

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം

**ചോദ്യം**
ശ്രീ.കെ.എസ്.ശബരീനാഥൻ

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനങ്ങൾക്കായുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്ന് നിലവിൽ വന്നുവെന്നും എത്ര ഒഴിവുകൾ ഇപ്പോൾ ഉണ്ടെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വിശദമാക്കാമോ; | (എ) | ഉണ്ട്.<br>മറ്റ് വിശദാംശങ്ങൾ ശേഖരിച്ച് വരുന്നു. |
| (ബി) | മുൻ വർഷങ്ങളിലെ നിയമനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഒഴിവുകളിൽ ഉണ്ടാകുന്ന കുറവിന് കാരണം വ്യക്തമാക്കാമോ; | (ബി) | വിരമിക്കുന്ന ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് ഒഴിവുകൾ ഉണ്ടാകുന്നത്. |
| (സി) | ഒഴിവുകൾ മുൻകൂറായി കണക്കാക്കി നിയമനങ്ങൾ നടത്താറുണ്ടോ; ഉണ്ടെങ്കിൽ വകുപ്പ് തിരിച്ചുള്ള മുൻകൂർ ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ; | (സി) | ഒഴിവുകൾ മുൻകൂറായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.<br>2016 ജനുവരി മുതൽ ഡിസംബർ വരെ പൊതുഭരണ വകുപ്പിൽ ഉണ്ടാകുന്ന 67 വിരമിക്കൽ ഒഴിവുകൾ മുൻകൂറായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു. |

(.2..)

| | | | |
|---|---|---|---|
| (ഡി) | പി.എസ്.സി, ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നിവിടങ്ങളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ ആശ്രിത നിയമനം, സ്പോർട്ട്സ് ക്വാട്ട, തസ്തികമാറ്റം, പ്രത്യേക ഉത്തരവ് എന്നിവയിലൂടെ നിയമനം നൽകുന്നവരുടെ ശതമാനം എത്രയാണെന്ന് വിശദമാക്കാമോ; ആകെ ഒഴിവുകളിൽ എത്ര ശതമാനം പേർക്ക് പി.എസ്.സി വഴി നിയമനം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഇ) | ആശ്രിത നിയമനം 5%, താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തിക മാറ്റം 4%, കമ്പ്യൂട്ടർ അസിസ്റ്റന്റ് / സി.എ തസ്തികയിലുള്ളവരുടെ തസ്തിക മാറ്റം 20% എന്നിങ്ങനെ നിയമനം നൽകുന്നു. കൂടാതെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി വിജ്ഞാപനം ചെയ്യുന്ന ആകെ തസ്തികകളുടെ 10% സബോർഡിനേറ്റ് സർവ്വീസിലെ അസിസ്റ്റന്റ് തസ്തികകളിലെ നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. മേൽ പറഞ്ഞ ഒഴിവുകൾ കിഴിച്ചുള്ള മുഴുവൻ ഒഴിവുകളിലും പി.എസ്.സി വഴി നിയമനം നൽകി വരുന്നു. |

Rasmi A1

**സെക്ഷൻ ആഫീസർ**